പ്രവണതകളും ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കും. ഏതായിരുന്നാലും ഇതിനെപ്പറ്റി ഗൗരവത്തോടുകൂടിത്തന്നെ ഹൗസ് കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും. അതിനുശേഷം കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ഇതോടൊപ്പംതന്നെ മറ്റൊരു സംഭവംകൂടിയുണ്ട്. വാച്ച് ആൻറ് വാർഡിൽപ്പെട്ട ഒരാളെ പുറമേനിന്നും വന്ന ഒരാൾ കയ്യേറ്റം ചെയ്തതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതെല്ലാം കമ്മിറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും.

V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1986 ജൂൺ 26-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം.

Minister for Co-operation: (**Smt. M. Kamalam**): Sir, I move that the time for the presentation of the Report of the Subject Committee on the Kerala Water and Waste Water Bill, 1984 be extended up to June 26, 1986.

പ്രമേയം സഭ അംഗീകരിച്ചു.

VI. റിപ്പോർട്ട് സമർപ്പണം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിനെപ്പറ്റിയുള്ള ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്.

Smt. M. Kamalam Minister for Co- operation: Sir, I present the Report of the Subject Committee on the Kerala Water and Waste water Bill, 1984.

VII. ധനകാര്യം

1986-87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും. വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ: XXIII-നഗരവികസനം

ധനാഭ്യർത്ഥന നമ്പർ: XXI-പൊതുജനാരോഗ്യ എൻജിനീയറിംഗ്.

ധനാഭ്യർത്ഥന നമ്പർ: XXXIX- ജലസേചനം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നഗരവികസനമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനമെന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ളതുക 1986-87 സാമ്പത്തികവർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly